# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1460

22.03.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. ഇ. കെ. വിജയൻ | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) ന്യൂനപക്ഷക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; വിശദാംശം നൽകുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും | ന്യൂനപക്ഷക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.<br>1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ മുസ്ലീം യുവജനതയ്ക്ക് പി.എസ്.സി, യു.പി.എസ്.സി, ബി.എസ്.ആർ.ബി, ആർ.ആർ.ബി, യു.ജി.സി തുടങ്ങിയവ നടത്തുന്ന മത്സരപരീക്ഷകൾക്ക് വേണ്ടിയുള്ള കോച്ചിംഗ് സെന്ററുകളും ഉപകേന്ദ്രങ്ങളും പദ്ധതി - ഇതിൽ 20% സീറ്റുകൾ മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടി നീക്കിവച്ചിട്ടുണ്ട്. ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ അടിസ്ഥാന സൗകര്യമൊരുക്കിത്തരുമ്പോൾ അവിടെ പരിശീലകർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നൽകുന്ന രീതിയിലാണ് ഉപ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്.<br>2. 70% ന്യൂനപക്ഷ വനിതകളെങ്കിലുമുള്ള രജിസ്റ്റർ ചെയ്ത വനിതാസ്വയംസഹായ സംഘങ്ങൾ, അവർക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്ന സ്വയം സഹായ സംരംഭങ്ങളുമായി സമീപിച്ചാൽ പദ്ധതി ചെലവിന്റെ പകുതിയോ രണ്ടരലക്ഷം രൂപയോ ഏതാണോ കുറവ് അത് ഗ്രാന്റായി നൽകുന്നതാണ് ന്യൂനപക്ഷ വനിതകളുടെ സ്വയം സഹായ പദ്ധതി.<br>3. 1000 ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുകയും 250 ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യും. അപേക്ഷകർ 10-ാം ക്ലാസ് പാസ്സായ വരും 2012 ജനുവരി ഒന്നിന് 18-നും 39-നും ഇടയിൽ |

പ്രായമുള്ളവരുമായിരിക്കണം. അപേക്ഷകർ അതത്തു ജില്ലകളിലേയ്ക്കാണ് അപേക്ഷ നൽകേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം നാലായിരം രൂപ ഹോണറേറിയം നൽകും.

4.12 മുതൽ 20 വയസ്സുവരെ പ്രായമുള്ള പ്ലസ് ടു, ഡിഗ്രി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ വ്യക്തിത്വ വികസന ക്ലാസ്സുകൾ - 40% സീറ്റുകൾ ന്യൂനപക്ഷ വിഭാഗത്തിലെ ബി.പി.എൽ വിഭാഗത്തിനായി മാറ്റിവച്ചിട്ടുണ്ട്.

5.തൊഴിൽ രഹിതരായ 100 ന്യൂനപക്ഷ യുവജനതയ്ക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ / പോളിടെക്നിക്കുകളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ച് സിഡ്കോ വഴി സിവിൽ എഞ്ചിനീയ റിംഗിലും ഓട്ടോകാഡിലും പരിശീലനം നൽകി, പ്രൊഫഷണൽ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് ആന്റ് ഓട്ടോകാഡ് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി.

6.കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ.

7.ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ധന സഹായം, നിർദ്ധനർക്ക് ഭവനവായ്പ, സർക്കാർ ഇതര ഏജൻസികൾക്ക് സഹായം, വിദ്യാഭ്യാസ വായ്പ, തൊഴിൽ പരിശീലനം, ഉൽപ്പന്നങ്ങൾക്ക് വിപണന സഹായം എന്നിവ നൽകുന്നതിനായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ.

8.വിവാഹമോചിതരും കഴിഞ്ഞ 5 വർഷമായി പുനർവിവാഹിതരല്ലാത്തവരും സർക്കാർ സർവ്വീസിലോ അല്ലാതെയോ സ്ഥിരവരുമാന ക്കാരായ ആൺമക്കൾ ഇല്ലാത്തവരും സ്വന്തമായി കിടപ്പാടം ഇല്ലാത്തവരുമായ ന്യൂനപക്ഷ വനിതകൾക്ക് 2 ലക്ഷം രൂപ എന്ന കണക്കിന് 1000 വീടുകൾ.

9.സൈനിക/അർദ്ധസൈനിക മേഖലകളിൽ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ്.

10. 2011-12- ൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികൾക്ക് സൗജന്യ പഠനമേശ - കസേര വിതരണ പദ്ധതി.

| | | |
|---|---|---|
| (സി) പ്രസ്തുതപദ്ധതി നടപ്പിലാക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്ന റിയിക്കുമോ;<br><br>(ഡി) ആയതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;<br><br>(ഇ) നീക്കിവച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ? | (സി) യും (ഡി) യും (ഇ) യും | 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ ആകെ 14,14,07,000/- രൂപയും പദ്ധതി ഇനത്തിൽ ആകെ 19,40,65,000/- രൂപയും വകയിരുത്തിയിരുന്നു. പദ്ധതി ഇനത്തിൽ 13,98,95,000/- രൂപ കേന്ദ്ര വിഹിതവും 5,41,70,000/- രൂപ സംസ്ഥാന വിഹിതവുമാണ്. 2011-12 ൽ പദ്ധതിയേതര വിഹിതത്തിൽ നിന്ന് അധികതുക വകമാറ്റി തെരഞ്ഞെടുക്കപ്പെട്ട ബി.പി.എൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും വിതരണം ചെയ്യുന്ന പദ്ധതിക്കായി 2,81,15,856/- രൂപയും മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ ബി.ടെകിന് പഠിക്കുന്ന മക്കൾക്ക് ലാപ് ടോപ് വിതരണ പദ്ധതിക്ക് 2,00,000/-(രണ്ട് ലക്ഷം) രൂപയും ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ ആകെ 12,57,48,000/- രൂപയും പദ്ധതി ഇനത്തിൽ ആകെ 78,72,30,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി തുകയിൽ എം.എസ്.ഡി.പി. പദ്ധതിയ്ക്കായി വകയിരുത്തിയ 76 കോടി രൂപയിൽ 75% (57 കോടി രൂപ) കേന്ദ്രവിഹിതമാണ്.<br><br>12-ാം പദ്ധതിക്കാലത്ത് എം.എസ്.ഡി.പി. പദ്ധതി ജില്ലാതലത്തിൽ നിന്നും ബ്ലോക്ക്/ടൗൺ തലത്തിലേക്ക് വ്യാപിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിക്കുകയും കേരളത്തിൽ നിന്നും ആദ്യഘട്ടത്തിൽ 4 ബ്ലോക്കുകളും ഒരു ടൗണും തെരഞ്ഞെടുക്കുകയും അതനുസരിച്ച് ഓരോ ബ്ലോക്കിനും 10 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസൽ കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തയ്യാറാക്കിവരുന്നു. പദ്ധതികൾ കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്. ഇതുകൂടാതെ ന്യൂനപക്ഷ വനിതാ ശാക്തീകരണത്തിനായി സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് 1 കോടി രൂപ അനുവദിക്കുകയും ആയത് ഈ സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കാൻ നടപടി സ്വീകരിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ